പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2574 | 27.01.2014- ലെ മറുപടിക്ക് |
|---|---|

**ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ. പി. ബ്ലോക്ക് / എക്സ്റേ ബ്ലോക്ക് നിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ. പി. ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഡിസൈൻ പരിശോധനയ്ക്കായി ആരോഗ്യ വകുപ്പിന് അയച്ച ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ; | എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ ഒ. പി. ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് അയച്ച പ്രൊപ്പോസലിൽ ഒ. പി. ബ്ലോക്ക് നിർമ്മിക്കുമ്പോൾ സെൻട്രലൈസ്ഡ് ഓക്സിജൻ സപ്ലൈയും, കൂട്ടിരിപ്പുകാർക്കു വേണ്ട ടോയ് ലറ്റ് സൗകര്യങ്ങളും കൂടി ലഭ്യമാക്കണമെന്ന് ആശുപത്രി സൂപ്രണ്ട് നിർദ്ദേശിച്ചിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തിയ പ്രൊപ്പോസൽ സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | ആരോഗ്യ വകുപ്പിന്റെ ഫണ്ടിൽ നിന്നും ആറ്റിങ്ങൽ വലിയകുന്ന് താലൂക്കാശുപത്രിയിൽ എക്സ് റേ ബ്ലോക്ക് നിർമ്മിക്കുവാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിന്മേൽ എന്ത് നടപടി സ്വീകരിച്ചുയെന്ന് വിശദമാക്കുമോ? | ബി) | പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കി, സമർപ്പിക്കാനായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ